**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1921** **20-06-2024 - ൽ മറുപടിയ്ക്ക്**

**കായിക രംഗത്ത് കൂടുതൽ സ്കൂളുകൾ ആരംഭിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ തോമസ് കെ തോമസ്** | | **ശ്രീ. വി. അബ്ദുറഹിമാൻ (ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തിന്റെ കായിക മികവ് നിലനിർത്തുന്നതിന് കായിക രംഗത്ത് കൂടുതൽ സ്കൂളുകൾ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (എ) | കായിക യുവജന കാര്യാലയത്തിന്റെ കീഴിൽ നിലവിൽ 3 സ്പോർട്സ് സ്കൂളുകൾ പ്രവർത്തിച്ചുവരുന്നു. ടി സ്കൂളുകളിൽ കായിക രംഗത്ത് മികവ് നിലനിർത്തുന്നതിനുതകുന്ന രീതിയിൽ അടിസ്ഥാന സൗകര്യങ്ങളും, വിദഗ്ധ പരിശീലനവും നൽകി വരുന്നുണ്ട്. സ്പോർട്സ് കൗൺസിലിനു കീഴിൽ 26 ജില്ലാ അക്കാദമികളും 41 കോളേജ്‌തല അക്കാദമികളും 15 സ്കൂൾതല അക്കാദമികളും പ്രവർത്തിക്കുന്നുണ്ട്. കായിക രംഗത്ത് മികവ് നിലനിർത്തുന്നതിന് കൂടുതൽ സ്കൂളുകൾ ആരംഭിക്കുന്നത് നിലവിൽ പരിഗണനയിലില്ല. |
| (ബി) | കുട്ടനാട്ടിൽ കനോയിംഗ്, കയാക്കിംഗ് എന്നിവയുടെ പരിശീലനത്തിന് കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (ബി) | കുട്ടനാട്ടിൽ കാനോയിംങ് കയാക്കിംങ് എന്നിവയുടെ പരിശീലനത്തിന് കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി ആലപ്പുഴയിൽ ഒരു റോവിംഗ് അക്കാഡമി സ്ഥാപിക്കുന്നതിനായി കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി 13.02.2017 ലെ സ.ഉ (സാധാ) നം. 33/2017/എസ്&വൈ.എ പ്രകാരം 10 കോടി രൂപയ്ക്ക് ഭരണാനുമതി നല്കിയിരുന്നു. ലാന്റ് അക്വിസിഷൻ ആവശ്യമായതിനാൽ 17.09.2017 ലെ ഉത്തരവ് നം എപിആർ-3/143/2017/കിഫ്ബി പ്രകാരം 8 കോടി രൂപയ്ക്ക് കിഫ്ബിയിൽ നിന്നും ലാന്റ് അക്വിസിഷനുവേണ്ടിയുള്ള ഫിനാൻഷ്യൽ സാങ്ഷൻ ലഭിക്കുകയും ചെയ്തു.<br><br>14.10.2022 ലെ സ.ഉ. (സാധാ) 267/2022/ എസ്&വൈഎ പ്രകാരം പദ്ധതി നടപ്പിലാക്കുന്നതിനുള്ള ചുമതല സ്പോർട്സ് കേരള ഫൗണ്ടേഷനെ ഏൽപിച്ച് ഉത്തരവായിട്ടുണ്ട്. നിലവിൽ ലാന്റ് അക്വിസിഷനുവേണ്ടിയുള്ള നടപടികൾ റവന്യൂ വകുപ്പ് സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ